**ജമ്മുവും കശ്മീരും ഇന്ത്യയുടെ അവിഭാജ്യ ഘടകം ആണെന്ന് ഇന്ത്യ ആവർത്തിച്ചു പറഞ്ഞു**

ഏപ്രിൽ 23, 2015

ജക്കാർത്തയില് നടക്കുന്ന ഏഷ്യൻ ആഫ്രിക്കന് ഉച്ചകോടിയിൽ പാകിസ്ഥാൻ പ്രധാനമന്ത്രിയുടെ ദേശീയ സുരക്ഷാ -വിദേശകാര്യ ഉപദേഷ്ടാവ് ശ്രീ സർത്താജ് അസീസ് , കശ്മീരിനെ കുറിച്ച് അംഗീകരിക്കാൻ ആകാത്ത ഒരു പരാമർശം പ്രസ്താവനയിൽ നടത്തി. അതിനുള്ള പ്രതികരണമായി ശ്രീ അനിൽ വാധ്വ , സെക്രട്ടറി (കിഴക്ക്) നല്കിയ ഉത്തരം ഇതാണ് :

'ഇന്ത്യയുടെ അവിഭാജ്യ ഘടകമായ ജമ്മു-കശ്മീർ സംസ്ഥാനത്തെ കുറിച്ച് അന്തർലീനോദ്ദേശത്തോടെ പരാമർശം നടത്തുവാൻ ഇത് പോലുള്ള ഒരു അന്തരാഷ്ട്ര വേദി ഒരിക്കൽ കൂടി പാകിസ്ഥാൻ ഉപയോഗിച്ചത് വളരെ നിർഭാഗ്യകരമായി .

ജൂലൈ 1972 സിംല കരാര് പ്രകാരവും ഫെബ്രുവരി 1999 ലെ ലാഹോർ വിളംബരത്തെ തുടർന്നും ഇന്ത്യയും പാകിസ്ഥാനും നിലവിലുള്ള എല്ലാ വിഷയങ്ങളും സമാധാനപൂർണമായ സഹകരണത്തോടെയുള്ള ഉഭയകക്ഷി ചർച്ചകളിലൂടെ പരിഹരിക്കുവാൻ പ്രതിബദ്ധത ഉള്ളവര് ആണ് ഇന്ത്യയും പാകിസ്ഥാനും എന്നു പാകിസ്ഥാൻ പ്രതിനിധിക്ക് അറിവുള്ളതാണ്, അത് ബാൻഡുങ്ങില് ആവേശത്തോടെ നടത്തുന്ന ബഹുമുഖ വേദിയായ ആഫ്രിക്കൻ ഏഷ്യന് സമ്മേളനം പോലെ ഒരു വേദിയിൽ അല്ല "